"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്-സൈനിക സേവനത്തിലിരിക്കെ മരണപ്പെട്ട പി.എൻ.രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി രശ്മി എസ്-ന് ജലസേചന വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.12/2024/SWD തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-
1. 29.04.2002 ലെ സ.ഉ(പി) 110/02/പൊ.ഭ.വ നമ്പർ ഉത്തരവ്.
2. 05.07.2024 ലെ സ.ഉ.(കൈ)നം.9/2024/സൈ.ക്ഷേ.വ നമ്പർ ഉത്തരവ്.
3. ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.07.2024 ലെ CEIA/3242/2024 നമ്പർ കത്ത്.

**ഉത്തരവ്**

ഇന്ത്യൻ കരസേനയിൽ ജോലി ചെയ്തുവരവേ 16.11.2009 ന് ഫീൽഡ് ഏരിയയിൽ നിന്നുമുള്ള സേനാവ്യൂഹത്തിന്റെ പിന്മാറ്റത്തിന്റെ (de-induction) ഭാഗമായി മടങ്ങവേ ന്യൂ ഡൽഹി - അമൃത് സർ ഹൈവേയിൽ ഗുരുദാസ്പൂരിൽ വച്ചുണ്ടായ വാഹനാപകടത്തിൽ POLY TRAUMA നിമിത്തം മരണപ്പെട്ട ലാൻസ് ദഫഡാർ രാധാകൃഷ്ണൻ പിഎൻ ന്റെ ഭാര്യ ശ്രീമതി രശ്മി എസ് ന് പരാർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം (2) ൽ ഉത്തരവായിരുന്നു.

2. തൊഴിൽ സഹായം നൽകുന്നതിനായി ജലസേചന വകുപ്പിൽ കൊല്ലം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ ക്ലർ ക്ക് തസ്തികയിൽ ഒരു ഒഴിവ് ലഭ്യമാണെന്ന് പരാമർശം (3) കത്ത് പ്രകാരം ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ ഇന്ത്യൻ കരസേനയിൽ ജോലി ചെയ്തുവരവേ 16.11.2009 ന് ഫീൽഡ് ഏരിയയിൽ നിന്നുമുള്ള സേന വ്യൂഹത്തിന്റെ പിന്മാറ്റത്തിന്റെ (de-induction) ഭാഗമായി മടങ്ങവേ ന്യൂ ഡൽഹി അമൃത് സർ ഹൈവേയിൽ ഗുരുദാസ്പൂരിൽ വച്ചുണ്ടായ വാഹനാപകടത്തിൽ POLY

TRAUMA നിമിത്തം മരണപ്പെട്ട ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ കുറ്റാനം വില്ലേജിൽ പളളിക്കൽ (പി.ഒ) , പട്ടിക്കൽ ഹൗസിൽ ലാൻസ് ദഫഡാർ രാധാകൃഷ്ണൻ പി.എൻ ന്റെ ഭാര്യ ശ്രീമതി രശ്മി എസ് ന് ജലസേചന വകുപ്പിൽ കൊല്ലം ജില്ലയിൽ മൈനർ ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽകി ടിയാരിയെ കൊല്ലം ജില്ലയിൽ ജലസേചന വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

4. പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകന് നിയമന ഉത്തരവ് നൽകിയ വിവരം ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

1. ശ്രീമതി രശ്മി എസ്, പട്ടിക്കൽ ഹൗസ്, പള്ളിക്കൽ പി.ഒ, കുറ്റാനം, മാവേലിക്കര, ആലപ്പുഴ-690 518.(രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം)
2. ചീഫ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം , ജലസേചനവും ഭരണവും, തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.

6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.

7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar B
Date: 05-08-2024 10:27:55
സെക്ഷൻ ഓഫീസർ